**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1984** **29-07-2021 - ൽ മറുപടിയ്ക്ക്**

**നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രണത്തിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. യു.എ.ലത്തീഫ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി സഹകരണ മേഖല വഴി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | നഗര/അർദ്ധനഗരമേഖലകളിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന ത്രിവേണി സ്റ്റോറുകളിലൂടെയും സർക്കാർ പദ്ധതിയുടെ ഭാഗമായി ഗ്രാമ പ്രദേശത്തുൾപ്പെടെ പ്രാഥമിക സംഘങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന നീതി സ്റ്റോറുകളിലൂടെയും വർഷത്തിൽ എല്ലാ ദിവസവും പൊതു മാർക്കറ്റിനേക്കാൾ വില കുറച്ച് നിത്യോപയോഗ സാധനങ്ങൾ വിൽപന നടത്തിവരുന്നു. ഇതിനു വേണ്ടി ഇടനിലക്കാരെ ഒഴിവാക്കി ഇ-ടെണ്ടർ മുഖേന പരമാവധി വിലകുറച്ച് സാധനങ്ങൾ വാങ്ങി ലാഭവും നഷ്ടവും ഇല്ലാത്ത രീതിയിൽ ചില്ലറ വിൽപന വില നിശ്ചയിച്ച് സ്റ്റോറുകളിൽ എത്തിച്ച് നൽകുന്നുണ്ട്. ഉത്സവ കാലങ്ങളിൽ ഉണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനു വേണ്ടി സഹകരണ വകുപ്പിന്റെ ധനസഹായത്തോട്ടു കൂടി പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത അളവിൽ സബ്സിഡിയോട്ടു കൂടി താല്ക്കാലികമായി സഹകരണ വിപണികൾ ആരംഭിച്ച് വിൽപന നടത്തിവരുന്നുണ്ട്. |
| (ബി) | എങ്കിൽ വിശദാംശം അറിയിക്കുമോ? | (ബി) | നഗര/അർദ്ധനഗരമേഖലകളിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന ത്രിവേണി സ്റ്റോറുകളിലൂടെയും സർക്കാർ പദ്ധതിയുടെ ഭാഗമായി ഗ്രാമ പ്രദേശത്തുൾപ്പെടെ പ്രാഥമിക സംഘങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന നീതി സ്റ്റോറുകളിലൂടെയും വർഷത്തിൽ എല്ലാ ദിവസവും പൊതു മാർക്കറ്റിനേക്കാൾ വില കുറച്ച് നിത്യോപയോഗ സാധനങ്ങൾ വിൽപന നടത്തിവരുന്നു. ഇതിനു വേണ്ടി ഇടനിലക്കാരെ ഒഴിവാക്കി ഇ-ടെണ്ടർ മുഖേന പരമാവധി വിലകുറച്ച് സാധനങ്ങൾ വാങ്ങി ലാഭവും നഷ്ടവും ഇല്ലാത്ത |

| | | | |
|---|---|---|---|
| | | | രീതിയിൽ ചില്ലറ വിൽപന വില നിശ്ചയിച്ച് സ്റ്റോറുകളിൽ എത്തിച്ചു നൽകുന്നുണ്ട്. ഉത്സവ കാലങ്ങളിൽ ഉണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനു വേണ്ടി സഹകരണ വകുപ്പിന്റെ ധനസഹായത്തോടു കൂടി പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത അളവിൽ സബ്സിഡിയോടു കൂടി താല്കാലികമായി സഹകരണ വിപണികൾ ആരംഭിച്ച് വിൽപന നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ